പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 127 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വർക്കല കഹാർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കർമ്മ പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | 2015-16 സാമ്പത്തിക വർഷം ജലസംരക്ഷണം, ജലകൊയ്ത്ത്, ചെറുകിട ജലസേചനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം, വനവത്കരണം, ഹോർട്ടികൾച്ചർ, കാർഷിക- അനുബന്ധ മേഖലകൾ, റോഡുനിർമ്മാണം, സാനിട്ടേഷൻ, ഐ.എ.വൈ ഭവന നിർമ്മാണം തുടങ്ങിയ മേഖലകളിലായി 2,30,186.47 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 7,10,122 പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (സി) | നിയമം അനുശാസിക്കുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതി സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് മുൻ എം.എൽ.എ. ശ്രീ. എം. മുരളിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിലേയ്ക്കായി ഒട്ടേറെ നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ച് കഴിഞ്ഞിട്ടുമുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏകോപിപ്പിച്ച് കൂടുതൽ ആസ്തികൾ സൃഷ്ടിക്കുവാനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ